(സി) യാത്രാബത്തയായി ആകെ 74,803 രൂപയും ഓണറേറിയമായി ആകെ 15,05,869 രൂപയും നൽകിയിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി മാത്രമായി സമിതി ഇതുവരെ റിപ്പോർട്ട്/ശുപാർശകൾ സമർപ്പിച്ചിട്ടില്ല.

തീർപ്പാക്കാനുള്ള ഫയലുകൾ

2 (2) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര വകുപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തു ഓരോ വകുപ്പിന്റെയും ഡയറക്ടറേറ്റിലും സെക്രട്ടേറിയറ്റിലും എത്ര ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലുകളുടെ കാലപ്പഴക്കം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫയലുകൾ തീർപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഫയലുകൾ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)	സെക്രട്ടേറിയറ്റ് വകുപ്പുകൾ	34
	സെക്രട്ടേറിയറ്റിതര വകുപ്പുകൾ	97

(ബി) 30-4-2000 വരെ ഡയറക്ടറേറ്റുകളിൽ 1,35,359 ഫയലുകളും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 72726 ഫയലുകളും തീർപ്പാക്കാനുണ്ട്.

(സി) ഡയറക്ടറേറ്റുകളിൽ 1 വർഷത്തിനും 2 വർഷത്തിനും ഇടയ്ക്കുള്ള 20609 ഫയലുകളും 2 വർഷത്തിനു മുകളിൽ പഴക്കമുള്ള 19143 ഫയലുകളുമുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി ഒരു വർഷത്തിനും 2 വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ള 13,272 ഫയലുകളും 2 വർഷത്തിനുമേൽ പഴക്കമുള്ള 9723 ഫയലുകളുമുണ്ട്.

(ഡി&ഇ) തീർപ്പാക്കാനുള്ള ഫയലുകൾ കഴിയുന്നത്ര വേഗം തീർപ്പാക്കാൻ ഊർജിത ഫയൽ തീർപ്പു വാരം എല്ലാ വർഷവും ആചരിച്ചു വരുന്നുണ്ട്. കൂടാതെ ഓരോ മാസവും തീർപ്പാക്കിയ ഫയലുകളുടെ എണ്ണത്തിൽ ഉണ്ടായ പുരോഗതി സർക്കാർ തലത്തിൽ അവലോകനവും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly